**ശ്രദ്ധക്ഷണിക്കൽ**

**മായം ചേർക്കൽ**

ശ്രീ. സി. പി. മുഹമ്മദ്: സർ, അല്പംപോലും വിഷം അകത്താകാതെ ഭക്ഷണം കഴിക്കാൻ കഴിയാത്ത സ്ഥിതിയിലാണ് ഇന്ന് കേരളീയർ. നമ്മുടെ മുഖ്യ ആഹാരമായ അരിയിൽപ്പോലും മായം ചേർക്കുന്നുവെന്ന് ഈയടുത്ത കാലത്താണ് വാർത്തവന്നത്. ബിരിയാണിക്കുപയോഗിക്കുന്ന ബസുമതി അരിയിൽ പ്ലാസ്റ്റിക്കിന്റെ ചെറുകഷണങ്ങൾ ചേർക്കുന്നുവെന്നും ആ വാർത്തയിലുണ്ടായിരുന്നു. ഭക്ഷ്യവസ്തുക്കളിൽ മായംചേർക്കുന്നതിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. പതിനാലാം നൂറ്റാണ്ടിൽ യൂറോപ്പിൽ ഇതുസംബന്ധിച്ച് വാർത്തകളുണ്ടായിരുന്നു. ഇതിനെതിരെയുള്ള ഒരു പൊതു നിയമം ആദ്യമായുണ്ടായത് 1860-ൽ ഇംഗ്ലണ്ടിലാണ്. കീടനാശിനികളും രാസവസ്തുക്കളും കലർന്ന പഴങ്ങളും പച്ചക്കറികളും കഴിക്കുവാനാണ് നമ്മുടെ വിധി. ഉഴുന്നുപരിപ്പുകൾക്ക് തിളക്കം കൂട്ടാൻ മാഗ്നീഷ്യം സിലിക്കേറ്റ് ഉപയോഗിക്കുന്നു. പരിപ്പുകളിൽ *tartazine, metanil, yellow* തുടങ്ങിയ അപകടകാരികളായ കളറുകൾ ചേർക്കുന്നു. അരിപ്പൊടി, ഇഡ്ഡലിപ്പൊടി എന്നിവയിൽ കപ്പപ്പൊടി, സോഡ, ചോക്കുപൊടി എന്നിവയും മുളകുപൊടിയിൽ ഇഷ്ടികപ്പൊടിയും നിറം കിട്ടാൻ സുഡാൻ റെഡ്ഡും ചേർക്കുന്നു. മഞ്ഞൾപ്പൊടിയിൽ

ചോളപ്പൊടിയും മല്ലിപ്പൊടിയിൽ വയ്ക്കോൽപ്പൊടിതൊട്ട് കുതിരച്ചാണകംവരെയും ചേർക്കുന്നതായി പറയുന്നു. കയ്യിലിടുന്ന മൈലാഞ്ചിപോലും മായം ചേർത്തതാണ്. ഫെയ്സ് പൗഡർ, ഐലൈനർ, കൺമഷി, ബോഡിസ്പ്രേ, ഷാംപൂ, ഹെയർ ഓയിൽ, ഹെയർ ക്രീം തുടങ്ങിയ സൗന്ദര്യവർദ്ധക വസ്തുക്കളിൽപ്പോലും മായമാണ്. വെളിച്ചെണ്ണയിൽ നിറംമാറ്റിയ കരിഓയിൽ, പഴകിയ എള്ളെണ്ണ, കാപ്പിപൊടിയിൽ തൂക്കംകൂട്ടാൻ പുളിങ്കുരു, ഈത്തപ്പഴക്കുരു, ഗോതമ്പുവറുത്ത പൊടി എന്നിവയും ചേർക്കുന്നു. തേയിലച്ചണ്ടി ഉണക്കിയെടുത്ത് എസൻസും രാസവസ്തുക്കളും ചേർത്തുപൊടിച്ച് തേയിലയിൽ ചേർക്കുന്നു. ഗ്ലൂക്കോമയ്ക്ക് കാരണമായ ആർജിമോൺ വിത്തുകളാണ് കടുകിൽ ചേർക്കുന്നത്. നല്ലെണ്ണയിൽ ഗണ്യമായ ഭാഗവും തവിടെണ്ണയാണ്. തമിഴ്നാട്ടിൽനിന്ന് ദിവസവും അനേകം ടാങ്കർ ലോറികളിൽ വരുന്ന വെളിച്ചെണ്ണയിൽ 20 ശതമാനം മുതൽ 40 ശതമാനം വരെ മായമുണ്ടെന്നാണ് പറയുന്നത്. ഭക്ഷണ വസ്തുക്കളിൽ ചേർക്കുന്ന അജിനോമോട്ടോ വലിയ വില്ലനാണ്. ഭക്ഷണ സാധനങ്ങൾക്ക് രുചികൂട്ടാൻവേണ്ടി ക്രമത്തിലധികം അജിനോമോട്ടോ ചേർത്തുകൊണ്ടാണ് സദ്യകളും കല്യാണ സൽക്കാരങ്ങളുമെല്ലാം നടത്തുന്നത്. പ്രധാനപ്പെട്ട ഹോട്ടലുകളിലെല്ലാം അജിനോമോട്ടോ ചേർക്കുന്നുവെന്ന് പറയപ്പെടുന്നു. മോർച്ചറിയിലും ലാബുകളിലും ജൈവശരീരഭാഗങ്ങൾ അഴുകാതെ സൂക്ഷിക്കുന്ന

ഫോർമാലിനാണ് മത്സ്യം കേടാകാതെ സൂക്ഷിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നത്. കേക്കിലും, മിഠായികളിലും *Rhodamine b* എന്ന ചായം ഉപയോഗിക്കുന്നുണ്ട്. ദഹനപ്രശ്നങ്ങൾ ഉണ്ടാക്കുന്ന പപ്പായക്കുരു കുരുമുളകിൽ ചേർക്കുന്നു. മൂത്രനാളിയിലെ രോഗത്തിന് കാരണമാകുന്ന കാഡ്മിയം കീടനാശിനികളിൽ ഉപയോഗിക്കുന്നു. നാലായിരത്തിലധികം ഭക്ഷ്യപദാർത്ഥങ്ങളിൽ കൃത്രിമ മധുരം ഉപയോഗിക്കുന്നു. ഐസ്ക്രീം പതഞ്ഞുവരുന്നത് കൂട്ടുവാൻവേണ്ടി വാഷിംഗ് പൗഡർ ഉപയോഗിക്കുന്നതായി പറയുന്നു. കരൾ, പാൻക്രിയാസ് എന്നിവയിൽ ട്യൂമർ ഉണ്ടാക്കുന്ന ഡെൽസിൻ എന്ന പദാർത്ഥമാണ് പല ബിസ്കറ്റുകളിലും ചേർക്കുന്നത്. മെഴുക്, വാർണിഷ്, പോളിയൂറിത്തീൻ എന്നിവ തക്കാളിപോലുള്ള പച്ചക്കറികളുടെയും ആപ്പിൾപോലുള്ള പഴങ്ങളുടെയും തിളക്കം വർദ്ധിപ്പിക്കുവാൻ ഉപയോഗിക്കുന്നു. കപ്പലണ്ടി വറുത്തുപൊടിച്ച് എസൻസ് ചേർത്ത് കശുവണ്ടിയുടെ മോൾഡിൽ വാർത്തെടുക്കുന്നതാണ് പലപ്പോഴും നാം കഴിക്കുന്ന കശുവണ്ടി എന്നത് മറക്കാൻ കഴിയില്ല. ഭക്ഷണത്തിന്റെ ഗുണമേന്മയെക്കാൾ ഇന്ന് കേരളീയർ പ്രാധാന്യം കൊടുക്കുന്നത് രുചിക്കാണ്. ഫാസ്റ്റ് ഫുഡ് സംസ്കാരവും വീടുകളിലെ ഭക്ഷണത്തേക്കാൾ ഹോട്ടൽ ഭക്ഷണത്തിന് നൽകുന്ന പ്രാധാന്യവും ഇന്ന് വളരെ വർദ്ധിച്ചിരിക്കുന്നു. വൈകുന്നേരം കുടുംബസമേതം വീടുകളിൽനിന്ന്

ഹോട്ടലിൽപോയി ഭക്ഷണം കഴിക്കുന്ന കുടുംബങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റിയുടെ നിയമപ്രകാരം ഭക്ഷ്യവസ്തുക്കളിൽ മായംചേർത്തത് തെളിഞ്ഞാൽ കുറ്റത്തിന്റെ ഗൗരവപ്രകാരം ജീവപര്യന്തം തടവ് ശിക്ഷവരെ നൽകാവുന്നതാണ്. സ്റ്റീറോയിഡിസവും ഹോർമോണിസവും വഴിയുണ്ടാകുന്ന ജീവിതശൈലി രോഗങ്ങൾ തടയാൻ നമ്മുടെ രാജ്യത്ത് നിയമമില്ല. ഇവിടെ കാലിത്തീറ്റയിൽ മായംചേർക്കുന്നത് തടയാനും നിയമമില്ല. നിമയത്തിലെ പഴുതുകളും ഉദ്യോഗസ്ഥരുടെ കുറവും ഇത് വ്യാപകമാക്കാൻ സഹായിക്കുന്നുണ്ട്. അതുകൊണ്ട് കർശനമായ നിയമം ഈ രംഗത്തുണ്ടാകണം. ബ്ലോക്ക് തലത്തിലുള്ള ഫുഡ് ഇൻസ്പെക്ടർമാർ കടകളിൽ പരിശോധന നടത്തും. പക്ഷെ ഉത്പാദിപ്പിക്കുന്നവർക്കും അത് പാക്കറ്റ് ചെയ്യുന്നവർക്കും കുറ്റമില്ലാതെ വയറ്റിപ്പിഴപ്പിനുവേണ്ടി കച്ചവടം നടത്തുന്ന പാവപ്പെട്ട കച്ചവടക്കാരെ ബലിയാടാക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സംസ്ഥാനത്ത് അനേകം സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി യഥാർത്ഥ കുറ്റക്കാരെ കണ്ടെത്തി അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിറംചേർത്ത ഭക്ഷണം ഒഴിവാക്കുകയും ജൈവകൃഷി വ്യാപകമാക്കുകയും പൊടികൾക്കുപകരം ഉത്പന്നങ്ങൾ വാങ്ങി

പൊടിപ്പിക്കുവാനും എല്ലാവരും തയ്യാറാകണം. കവി അയ്യപ്പപ്പണിക്കർ പാടിയതുപോലെ,

'പാലിൽ, പഴത്തിൽ, മതത്തിൽ, മരുന്നിലും

മായയിൽ, ബ്രഹ്മത്തിൽ മായം കലർത്താ-

ത്തൊരെന്റെനാട്, എവിടെന്റെ മക്കളെ ' എന്ന് ഉദ്ധരിച്ചുകൊണ്ട് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സി. പി. മുഹമ്മദ് വളരെ ഗൗരവമുള്ള ഒരു വിഷയത്തെ അടിസ്ഥാനമാക്കിയാണ് ഇന്ന് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് വളരെയധികം ഗൗരവത്തോടുകൂടിത്തന്നെ ഈ രംഗത്ത് പ്രവർത്തനങ്ങൾ നടത്തിവരികയാണ്. സംസ്ഥാനത്ത് ഭക്ഷണസാധനങ്ങളിൽ മായം ചേർക്കുന്നതും നിലവാരം കുറഞ്ഞ ഭക്ഷണ സാധനങ്ങൾ വിൽക്കുന്നതും സംഭരിക്കുന്നതും തടയുന്നതിനായി 2006-ലെ കേന്ദ്ര ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2011 മുതൽ കേരളത്തിൽ നടപ്പിലാക്കിത്തുടങ്ങി. ഭക്ഷ്യസുരക്ഷാ വകുപ്പ് ഏറ്റവും ഗൗരവത്തോടുകൂടി ആ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോവുകയാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും

കേരളത്തിലെത്തുന്ന പഴം, പച്ചക്കറി മുതലായ ഭക്ഷ്യവസ്തുക്കളിൽ കീടനാശിനികളുടെ അളവ് അമിതമായിട്ടുള്ളതായി കാർഷിക സർവ്വകലാശാലയുടെ പരിശോധനയിൽ കണ്ടെത്തി. പഴം, പച്ചക്കറികളുടെ ഭൂരിഭാഗവും തമിഴ്നാട്ടിൽ നിന്നുവരുന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാർതന്നെ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ തമിഴ്നാട്ടിലെ പല ഗോഡൗണുകളും സന്ദർശിക്കുകയുണ്ടായി. ആ സമയത്ത് അവിടെ അമിതമായിട്ടുള്ള കീടനാശിനികളുടെ ഉപയോഗമുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ആരോഗ്യം, കൃഷി, ഭക്ഷ്യം എന്നീ വകുപ്പുമന്ത്രിമാരുടെയും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് ഫുഡ്സേഫ്റ്റി കമ്മീഷണർ കൺവീനറായി അഗ്രികൾച്ചറൽ, സെയിൽസ് ടാക്സ്, ഹോർട്ടികോർപ്പ്, മൃഗസംരക്ഷണം, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റി സംസ്ഥാനത്തെത്തുന്ന പഴം, പച്ചക്കറി എന്നിവയിലെ അമിതമായ കീടനാശിനികളുടെ അളവ് പരിശോധിച്ച് തുടർനടപടി എടുക്കുന്നതിനും ഇതുസംബന്ധിച്ച് ജനങ്ങളിൽ അവബോധം

വളർത്തുന്നതിനുംവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഭക്ഷ്യസുരക്ഷാ നിയമം 2011 ആഗസ്റ്റ് മാസം നിലവിൽവന്നുവെങ്കിലും കേരളത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചത് 2012-ലാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം കർശന പരിശോധനയുടെ ഫലമായി വൃത്തിഹീനമായതും ഭക്ഷ്യവിഷബാധയുണ്ടാക്കുന്നതുമായ 132 ഹോട്ടലുകളുടെ പ്രവർത്തനം നിർത്തിവയ്പിച്ചു. 295 കേസുകളിലായി 87,24,960/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. 4400 ഭക്ഷ്യ സാമ്പിളുകൾ പരിശോധിച്ചതിൽ നിശ്ചിത നിലവാരമില്ലാത്തതും മായം ചേർത്തതുമായി കണ്ടെത്തിയ കേസുകളിന്മേൽ 161 അഡ്ജ്യൂഡിക്കേഷൻ നടപടികളും 41 ക്രിമിനൽ കേസുകളും ഇതിനകം ഫയൽ ചെയ്തിട്ടുണ്ട്. 3800 സ്ഥാപനങ്ങൾക്ക് സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ഇംപ്രൂവ്മെന്റ് നോട്ടീസും നല്കിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ഭക്ഷണശാലകളുടെ ഗുണനിലവാരവും ശുചിത്വവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഹോട്ടൽ ഉടമസ്ഥരെയും തൊഴിലാളികളെയും ഉൾപ്പെടുത്തി ഇതിനകം സംസ്ഥാനത്ത് മൂവായിരത്തിലധികം ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. ഇത്തരം പരിശീലനങ്ങൾ പൂർത്തിയാക്കിയ ഒരു

ജീവനക്കാരനെയെങ്കിലും ഓരോ ഹോട്ടലുകളിലും ബേക്കറികളിലും നിയോഗിക്കണമെന്നുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. 90 ശതമാനത്തോളം ഇക്കാര്യം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വെളിച്ചെണ്ണയുടെ സാമ്പിളുകൾ പരിശോധിച്ചതിൽ നിശ്ചിത ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണയുടെ വില്പന ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 14 ബ്രാൻഡ് വെളിച്ചെണ്ണകളുടെ ഉത്പാദനവും വിതരണവും സംസ്ഥാനത്ത് ഇതിനകം നിരോധിച്ചിട്ടുണ്ട്. ആദ്യമായിട്ടാണ് ഒരു സംസ്ഥാനത്ത് ഇത്രയധികം ബ്രാൻഡുകൾ ഒരുമിച്ച് നിരോധിക്കുന്നത്. സംസ്ഥാനത്ത് വിൽക്കുന്ന കുപ്പിവെള്ളവും സോഡയും നിശ്ചിത ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തി ഗുണനിലവാരമില്ലാത്തവയ്ക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. വേനൽക്കാലത്ത് ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുമ്പോൾ അതിന് പ്രത്യേകമായ ഡ്രൈവ് നടത്താറുണ്ട്. പരിശോധനയിൽ നിശ്ചിത മാനദണ്ഡത്തിന്റെ അഭാവം പോരായ്മയായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ള വിതരണത്തിന് കർശനമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ

പരിശോധനയ്ക്കെടുക്കുന്ന സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അനലറ്റിക്കൽ ലാബുകളും പത്തനംതിട്ടയിലെ ശബരിമലയുമായി ബന്ധപ്പെട്ട കുടിവെള്ള സാമ്പിളുകൾ പരിശോധിക്കുന്നതിനു മാത്രമായി ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകൾ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. തിരുവനന്തപുരത്തും എറണാകുളത്തും കീടനാശിനി കളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് 'GC-MS/MS' എന്ന എക്വിപ്മെന്റ്സ് സ്ഥാപിച്ചുകഴിഞ്ഞു. നാളെ ഉദ്യോഗസ്ഥന്മാരുടെ ട്രെയിനിംഗ് പൂർത്തീകരിക്കും. തിരുവനന്തപുരത്തും എറണാകുളത്തും സെപ്റ്റംബർ 1 മുതൽ മറ്റു ലാബുകളെ ആശ്രയിക്കാതെ സംസ്ഥാന ഗവൺമെന്റിനു തന്നെ പരിശോധനകൾ നടത്തുന്നതിലേയ്ക്കുവേണ്ടിയുള്ള സംവിധാനങ്ങൾ ഗവൺമെന്റ് ഏർപ്പെടുത്തി ക്കഴിഞ്ഞു. കോഴിക്കോട് പുതുതായി ലാബ് എക്വിപ്മെന്റ്

സ്ഥാപിക്കുന്നതിലേയ്ക്കു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 'സുരക്ഷിതാഹാരം ജനങ്ങളുടെ അവകാശം' എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനത്തിന്റെ ഭാഗമായി ഭക്ഷണസാധനങ്ങളിൽ മായം ചേർക്കുന്നതും നിലവാരം കുറഞ്ഞ ഭക്ഷണസാധനങ്ങൾ വിൽക്കുന്നതും തടയുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് തട്ടുകട മുതൽ സ്റ്റാർ ഹോട്ടൽ വരെയും പഴം, പച്ചക്കറി വിപണനം നടത്തുന്ന സ്ഥാപനങ്ങളിൽ കർശനമായ പരിശോധന 'Operation RUCHI'- Restrictive Use of Chemical and Harmful Ingredients - എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. എല്ലാ ഭക്ഷണപദാർത്ഥങ്ങളിലെയും മായം പരിശോധിക്കുന്നതിലേയ്ക്കു വേണ്ടിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം, നിലവിലുണ്ടായിരുന്ന ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാരുടെ തസ്തികകൾ തികച്ചും അപര്യാപ്തമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് ജോയിന്റ് കമ്മീഷണർമാരുടെയും 57 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെയും.........., ഉദ്യോഗസ്ഥന്മാരുടെയും കുറവുണ്ട് എന്ന് അദ്ദേഹം പറഞ്ഞതാണ്. 57 ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്, പി.എസ്.സി.-ക്ക് അയച്ചിട്ടുണ്ട്.

അടുത്ത ഡിസംബർ മാസത്തോടു കൂടി 80-ഓളം ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ഒഴിവുകൾ നികത്താൻ കഴിയുമെന്നാണ് കരുതുന്നത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്ത് എത്തിച്ചേരുന്ന പച്ചക്കറികളിൽ പെസ്റ്റിസൈഡ്സ് കൂടുതലായി ചേർക്കുന്നുണ്ടെന്നുള്ള പരാതികൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചു. പെസ്റ്റിസൈഡ്സ് കൂടുതലായി ചേർക്കുന്നുണ്ടെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അവിടെ പോകുകയും സംസ്ഥാനത്ത് നിരവധി നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയു യാണ്. വിഷാംശമുള്ള പച്ചക്കറികൾ ഒരു സ്ഥലത്ത് കണ്ടെത്തിയാൽ ആരുടെ പേരിൽ നടപടി സ്വീകരിക്കുമെന്നുള്ളത് വലിയ പ്രശ്നമാണ്. ഇത്തരം പച്ചക്കറികൾ കടയിൽ വിൽക്കുന്ന പാവപ്പെട്ടവന്റെ പേരിൽ നടപടിയെടുക്കാൻ നമുക്ക് കഴിയില്ല, അയാൾ നിരപരാധിയായിരിക്കും. അങ്ങനെയുള്ള സാഹചര്യത്തിൽ ഫുഡ് ബിസിനസ്സ് നടത്തുന്ന എല്ലാ വ്യാപാരികൾക്കും ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിലേയ്ക്കുവേണ്ടി ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. 12 ലക്ഷം രൂപ വരെ വിറ്റുവരവുള്ള കടകൾക്ക് രജിസ്ട്രേഷനും അതിനുമുകളിൽ

വിറ്റുവരവുള്ള കടകൾക്ക് ലൈസൻസിംഗുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ ഒരു മാസക്കാലമായി വിവിധങ്ങളായ പ്രദേശങ്ങളിൽ ലൈസൻസും രജിസ്ട്രേഷനും നിർബന്ധിത മാക്കുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ആദ്യഘട്ടമായി 4 ജില്ലകളിൽ - തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ നാലായിരത്തോളം പച്ചക്കറി വില്പനകേന്ദ്രങ്ങളിൽ ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥന്മാർ നേരിട്ട് പരിശോധിച്ച് ലൈസൻസും രജിസ്ട്രേഷനും എടുക്കുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1500 ഓളം പേർക്ക് ലൈസൻസും രജിസ്ട്രേഷനും എടുക്കുന്നതിന് നോട്ടീസും നൽകി. ലൈസൻസ്, രജിസ്ട്രേഷൻ ക്യാമ്പയിൻ എല്ലാ ജില്ലകളിലും രണ്ടാഴ്ച നടത്തുകയാണ്. ആദ്യഘട്ടത്തിൽ, രജിസ്ട്രേഷൻ, ലൈസൻസ് എടുക്കുന്നതിലേയ്ക്കു വേണ്ടിയുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. എല്ലാ സ്ഥലങ്ങളിലും ഇതിലേയ്ക്കുവേണ്ടുന്ന നടപടികൾ പൂർത്തീകരിച്ചതിനുശേഷം അടുത്ത ഘട്ടത്തിൽ, മറ്റുസംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറികളും മറ്റു food particles-ഉം കൊണ്ടുവരുന്ന വാഹനങ്ങൾ എവിടെ നിന്നാണ് കൊണ്ടുവരുന്നത് എവിടേയ്ക്കാണ് കൊണ്ടുപോകുന്നത് എന്നുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ

ഇപ്പോൾതന്നെ ചെക്ക് പോസ്റ്റുകളിൽ എടുത്തിട്ടുണ്ട്. കഴിഞ്ഞ മൂന്നു മാസമായി രേഖപ്പെടുത്തുന്നുണ്ട്. രജിസ്ട്രേഷനും ലൈസൻസിംഗും കടകൾക്ക് നൽകിയതിനുശേഷം അവരുടെ കടയിൽ സാധനങ്ങൾ കൊണ്ടുവരുന്ന വാഹനങ്ങളിൽ ആ രജിസ്ട്രേഷന്റെ കോപ്പി സൂക്ഷിക്കുക, എന്നാൽ മാത്രമേ നമുക്ക് നടപടിയെടുക്കാൻ കഴിയൂ. തമിഴ്നാടിൽനിന്നോ മറ്റു സംസ്ഥാനങ്ങളിൽ നിന്നോ കൊണ്ടു വരുന്ന വാഹനങ്ങളിൽ അവരുടെ രജിസ്ട്രേഷന്റെ കോപ്പി കൊടുത്താൽ നിയമവിരുദ്ധമായി കൂടുതൽ പെസ്റ്റിസൈഡ്സ് ചേർത്തിട്ടുണ്ടെങ്കിൽ ആ കടകൾക്ക് സാധനങ്ങൾ നൽകുന്ന വ്യാപാരികളുടെ പേരിൽ നമുക്ക് നടപടിയെടുക്കാൻ കഴിയും. രജിസ്ട്രേഷനും ലൈസൻസിംഗിനുമായി ഓഗസ്റ്റ് 4 വരെ കേന്ദ്ര ഗവൺമെന്റ് സമയം നൽകിയിട്ടുണ്ട്. ആ സമയത്തിനുള്ളിൽ എല്ലാ രജിസ്ട്രേഷനും ലൈസൻസിംഗും പൂർത്തീകരിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. അതോടുകൂടി ഏറ്റവും കർശനമായ നിയമനടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയും. ഇതിനകത്ത് വലിയൊരു കൺഫ്യൂഷനുണ്ടായിരുന്നത് ആരുടെ പേരിൽ നടപടി സ്വീകരിക്കുമെന്നതിനെക്കുറിച്ചായിരുന്നു. അതിന് വ്യക്തതയോടു കൂടി കാര്യങ്ങൾ

തീരുമാനിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് സെക്രട്ടറി, ഇതു സംബന്ധിച്ച കാര്യങ്ങൾ മറ്റുസംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരെ അറിയിക്കുന്നതിലേയ്ക്കുവേണ്ടിയുള്ള തീരുമാനവും എടുത്തിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: രണ്ടു കാര്യങ്ങൾ വളരെ പ്രധാനമാണ്, ഒന്ന് അന്യസംസ്ഥാനങ്ങളിൽ നിന്ന് ഈ ടാങ്കർ ലോറികളിൽ കൊണ്ടുവരുന്ന എണ്ണകളടക്കമുള്ളത് പരിശോധിക്കാൻ ചെക്ക്പോസ്റ്റുകളിൽ സംവിധാനം ഏർപ്പെടുത്തുക. രണ്ട്, വളരെ പഴയ നിയമമായതിനാൽ, നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ചുകൊണ്ടാണ് മായം ചേർക്കുന്നവർ രക്ഷപ്പെടുന്നത്. അതുകൊണ്ട് സമഗ്രമായ ഒരു നിയമമുണ്ടാക്കുകയും ദാക്ഷിണ്യമില്ലാത്ത ശിക്ഷ അവർക്ക് വാങ്ങിക്കൊടുക്കുവാൻ നടപടിയുണ്ടാവുകയും ചെയ്താൽ ഇതിന് ഒരു പരിധിവരെ കുറവു വരും. ഈ രണ്ട് കാര്യങ്ങളിലും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, നിലവിലുള്ള നിയമം 2006-ലെ ഭക്ഷ്യസുരക്ഷാ നിയമമാണ്. കൂടുതൽ കർശനമായ ശിക്ഷാനടപടികൾ നൽകുന്നതിലേയ്ക്കുവേണ്ടിയാണ് നേരത്തെയുണ്ടായിരുന്ന നിയമം മാറ്റിയത്.

കർശനമായി ഇത് നടപ്പിലാക്കുക എന്നുള്ളതാണ് ഇന്ന് ഏറ്റവും അഭികാമ്യമായ കാര്യം. അതിലേയ്ക്കുവേണ്ടുന്ന ശക്തമായ നടപടികളാണ് ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നത്. ഓഗസ്റ്റ് 5-ാം തീയതിയോടു കൂടി കേരളത്തിൽ രജിസ്ട്രേഷനും ലൈസൻസിംഗും പൂർത്തീകരിച്ചു കഴിഞ്ഞാൽ ഇതിനുവേണ്ടുന്ന ശക്തമായ നടപടികൾ സ്വീകരിക്കാൻ കഴിയും. അതുകഴിഞ്ഞ് ഓരോ വാഹനങ്ങളും പരിശോധിച്ച് ഇതിലേയ്ക്കുവേണ്ടുന്ന നടപടിക്രമങ്ങളുമായി മുന്നോട്ടുപോകും.

## (2) നഷ്ടപരിഹാരം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, വന്യജീവി സംരക്ഷണ നിയമവും വനഭൂമി സംരക്ഷണ നിയമവും കർശനമായി നടപ്പിലാക്കിയതുമൂലം കേരളത്തിൽ വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. മനുഷ്യനെ അക്രമിക്കുന്നു, കൃഷി വൻതോതിൽ നശിപ്പിക്കുന്നു. ഇതുമൂലം കേരളത്തിലെ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വനത്തിനകത്ത് ആവശ്യമായ ഭക്ഷണം കിട്ടാതെയും വനത്തിനു പുറത്തിറങ്ങിയാൽ ഒരു പ്രശ്നവുമില്ലാത്തതിനാലുമാണ് വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലെത്തുന്നത്. പരിസ്ഥിതി സംരക്ഷണത്തിന്റെയും മൃഗസംരക്ഷണത്തിന്റെയും പേരിൽ എന്തുമാവാമെന്നുള്ളത് ഒരു പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ല. പ്രശസ്ത

സാഹിത്യനിരൂപകനായ എം. കൃഷ്ണൻ നായർ കിടക്കാൻ നേരത്ത് കട്ടിലിനടിയിലും കട്ടിലിന്റെ നാല് കാലിലും ടോർച്ച് അടിച്ച് നോക്കിയിട്ടേ ഉറങ്ങാൻ കിടക്കുകയുള്ളൂ എന്നെഴുതിയിട്ടുണ്ട്. ഇന്ന് വനാതിർത്തിയിൽ താമസിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളുടെ അവസ്ഥയാണിത്. ഇരുട്ടിൽ തിളങ്ങുന്ന ഭീതിയുടെ കണ്ണുകളാണ് അവരുടെ ഉറക്കം കെടുത്തുന്നത്. 1993-ൽ കേരളത്തിൽ പന്നിയുടെ എണ്ണം 40900 ആയിരുന്നത് ഇപ്പോൾ 60940 ആയി വർദ്ധിച്ചു. ആന, 4286 ആയിരുന്നത് 7490 ആയി. കാട്ടുപോത്ത്, 4840 ആയിരുന്നത് 17860 ആയി. മ്ലാവ്, 10600 ആയിരുന്നത് 32148 ആയി. മാൻ, 6200 ആയിരുന്നത് 11398 ആയി. കുരങ്ങുകളുടെ എണ്ണം കേരളത്തിലെ നാട്ടിൻ പുറത്തും കാട്ടിലുമായി അര ലക്ഷത്തിൽ കൂടുതലായിട്ടുണ്ട്. ഈ വന്യജീവി അക്രമണം മൂലം 2005-ൽ കേവലം 5 പേരാണ് മരിച്ചതെങ്കിൽ 2010 ആയപ്പോൾ 21 ആയി, 2011-ൽ 29 ആയി. 2013-14-ൽ 20 പേർ വന്യജീവികളുടെ അക്രമണത്തിലും 145 പേർ പാമ്പുകടിയേറ്റും മരിച്ചു. പരിക്ക് പറ്റിയത് നിരവധി പേർക്കാണ്. നിരന്തരം ഇതുമായി ബന്ധപ്പെട്ട പരാതി വരികയാണ്. വയനാട് പൂതാളി ആനമൂലയിൽ വട്ടത്തൊട്ടി വിനോദ്, തിരുനെല്ലി നായ്ക്കട്ടി ബാലകൃഷ്ണൻ ചെട്ടി, വയനാട് തിരുനെല്ലി കനകലത, കുമിളി വാസു, ആനക്കയം അമ്മിണി, കല്ലുമുക്ക് രാജൻ, മൈക്കട കുള്ളൻ, ഇടത്തറ സുനിൽ,......

നൂൽപ്പുഴ ഭാസ്കരനെ കടുവയാണ് കൊന്നത്. തമിഴ്നാട് ബോർഡറിലെ പാട്ടവെയിലിലെ മഹാലക്ഷ്മിയെയും കടുവ കൊന്നു. തൃശ്ശൂർ-ചാലക്കുടി-തവളക്കുഴിപ്പാറ കോളനിയിലെ രാമചന്ദ്രനെ കടുവ കൊലപ്പെടുത്തി. ഇവയെല്ലാം ജനങ്ങൾക്ക് ഗുരുതരമായ പ്രതിസന്ധിയായി മാറിയപ്പോൾ നിയമസഭയിലേയ്ക്കുൾപ്പെടെ പ്രതിഷേധ മാർച്ച് നടത്തി. കർഷക സംഘത്തിന്റെയും കേരള സ്റ്റേറ്റ് കർഷകത്തൊഴിലാളി യൂണിയന്റെയും ആദിവാസി ക്ഷേമസമിതിയുടെയും ആഭിമുഖ്യത്തിലാണ് ഈ പ്രക്ഷോഭ സമരം നടന്നത്. ഇടുക്കി ജില്ലയിലെ ദേവികുളത്ത് 2011-ന് ശേഷം പത്തുപേരെ ആന കൊന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ നിയമസഭയിൽ മറുപടി പറഞ്ഞിട്ടുണ്ട്. കോഴിക്കോട് കൂടരഞ്ഞിയിൽ പന്നി മനുഷ്യനെ കൊന്നു. കാട്ടുപന്നിയെ കൊല്ലാൻ 2011-ൽ ഒരു ഉത്തരവുണ്ട്. അതിന് ആദ്യം റേയ്ഞ്ചാഫീസർക്ക് അപേക്ഷ കൊടുക്കണം, പന്നി വരുമ്പോൾ അപേക്ഷയും കൊണ്ടുപോകണം, വനപാലകർക്കും ജനപ്രതിനിധികൾക്കും നിരന്തരം ശല്യമുണ്ടാക്കുന്ന പന്നി ഏതാണെന്ന് ബോധ്യപ്പെടുകയും വേണം. മനുഷ്യനെ കണ്ടാൽ അവ ഓടി കാട്ടിൽ ഒളിക്കും. കാട്ടിനകത്ത് കയറിയാൽ പിന്നെ ഒന്നും ചെയ്യാനും പറ്റില്ല. 2014-ൽ കൊണ്ടുവന്ന ഭേദഗതിയെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ, പന്നിയെ കൊല്ലാൻ ലിംഗ

പരിശോധനയും ഗർഭിണിയാണോയെന്നും മുലയൂട്ടുന്നതാണോയെന്നും പരിശോധിക്കേണ്ട സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. അതുകൊണ്ട് കാട്ടുപന്നികൾ വിലസുകയാണ്. ഇടുക്കി ജില്ലയിലെ കൊന്നത്തടി, ബൈസൺവാലി, രാജക്കാട് പഞ്ചായത്തുകളെ വിറപ്പിച്ചുകൊണ്ട് കാട്ടുപോത്ത് നാല് ദിവസം വിലസി. കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിൽ 18 അടി നീളവും 20 കി.ഗ്രാം തൂക്കവുമുള്ള രാജവെമ്പാല ആളുകളെ ആക്രമിക്കാൻ വന്നു. വാവ സുരേഷിന് ഇപ്പോൾ ഒഴിവില്ല, ദിവസവും കോളാണ്. തൃശ്ശൂർ മലക്കപ്പാറയിൽ പുലി മനുഷ്യനെ പിടിക്കുന്നു. പാലക്കാട് ജില്ലയിലെ തൃത്താല, വനവുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥലമാണ്. കിലോമീറ്ററുകൾക്ക് അപ്പുറത്താണ് വനം എന്നിട്ടും അവിടെ പുലിയെത്തി. ഫോറസ്റ്റിലൂടെ വരുന്ന വാഹനത്തിന്റെ മുകളിൽ കയറിയായിരിക്കും പുലി വന്നതെന്നാണ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ആളുകൾ പറയുന്നത്. അതുപോലെ, പാലക്കാട് ജില്ലയിലെ കേരളശ്ശേരി പഞ്ചായത്തിൽ ആനക്കൂട്ടം, 25 കി.മീറ്റർ അപ്പുറത്താണ് വനം. മണ്ണാർക്കാട് മലനിരകളിൽ നിന്ന് രണ്ട് സ്റ്റേറ്റ് ഹൈവേയും അതുപോലെ ദേശീയപാതയും മുറിച്ചുകടന്ന് ആനക്കൂട്ടം കേരളശ്ശേരി പഞ്ചായത്തിലെത്തിയത്. പാലക്കാട് ജില്ലയുടെ ഏതാണ്ട് നടുഭാഗത്താണ് കേരളശ്ശേരി പഞ്ചായത്ത്. ഇത്തരമൊരു സ്ഥിതി വിശേഷം നാട്ടിലുണ്ടാകുമോ?

മനുഷ്യനെ അക്രമിക്കുന്ന വന്യജീവികളെ ഒന്നും ചെയ്യാൻ പാടില്ല. നെന്മാറ മണ്ഡലത്തിലെ നെല്ലിയാംപതി കാരപ്പാറയിൽ അയ്യപ്പൻ എന്ന തൊഴിലാളിയെ പുലി അക്രമിച്ചപ്പോൾ രക്ഷപ്പെടാൻ കയ്യിലുണ്ടായിരുന്ന വെട്ടുകത്തി കൊണ്ട് പുലിയെ വെട്ടി പുലി ചത്തു, അദ്ദേഹം ജയിലിലായി. Wild Life (Protection) Act, 1972, Chapter-III - Hunting of Wild animals to be permitted in certain cases. അതിൽ രണ്ടാം വകുപ്പിൽ പറയുന്നത്, 'The Killing or wounding in good faith of any wild animal in defence of oneself or any other person shall not be an offence'. ഈ നിയമം നിലനിൽക്കുമ്പോൾ തന്നെ അയ്യപ്പനെ പിടിച്ച് അകത്താക്കി. എങ്ങനെയാണ് നമ്മുടെ നാട്ടിലെ സാധാരണക്കാരന് ജീവിക്കാൻ സാധിക്കുന്നത്. എന്റെ മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളും വനവുമായി ബന്ധപ്പെട്ട പ്രദേശമാണ്. വലിയ പ്രശ്നമാണിത്. കണ്ണൂർ ജില്ലയിൽ കാട്ടുപന്നി ആക്രമണമുണ്ടായി ഒരാൾ മരിച്ചു. നിയമത്തിൽ ഇളവുവരുത്തുമെന്ന് മുഖ്യമന്ത്രി തന്നെ പറഞ്ഞതാണ്. ആന, പുലി, കടുവ, കാട്ടുപന്നി, കരടി, കുരങ്ങ്, മയിൽ, പാമ്പ്, കാട്ടുപോത്ത്, മാൻ എന്നിവയെല്ലാം വനങ്ങളിൽ വർദ്ധിച്ചതിന്റെ ഫലമായി കൃഷി നാശം വർദ്ധിച്ചു. മാംസഭുക്കുകളായ വന്യജീവികൾ മനുഷ്യനെ പിടിക്കുകയാണ്. സസ്യഭുക്കുകൾ വ്യാപകമായി കൃഷി നശിപ്പിക്കുകയാണ്. ഇത്തരമൊരു സ്ഥിതി

വിശേഷമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. 2009-10 കാലഘട്ടത്തിൽ 2846 പരാതികളുണ്ടായത് 2013-14 ആയപ്പോൾ 6355 ആയി. 2014-15 ആയപ്പോൾ 9712 കേസ്സുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ചെറിയ നഷ്ടപരിഹാരമാണ് നൽകുന്നത്. കാർഷിക മേഖലയ്ക്കുണ്ടാകുന്ന നാശനഷ്ടവുമായി ബന്ധപ്പെട്ട് കൊടുക്കുന്ന നഷ്ടപരിഹാരം തീരെ അപര്യാപ്തമാണ്.

മി. ചെയർമാൻ: ശ്രീ. ചെന്താമരാക്ഷൻ, പ്ലീസ്.....പ്ലീസ് കൺക്ലൂഡ്. ആറ് മിനിറ്റ് കഴിഞ്ഞു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഒരു മിനിറ്റ് കൊണ്ട് അവസാനിപ്പിക്കാം. വാഴ, തെങ്ങ്, പച്ചക്കറി, കമുക്, നെല്ല് തുടങ്ങിയ എല്ലാ പച്ചക്കറികളും നശിപ്പിക്കുകയാണ്. ആനയും കാട്ടുപന്നിയുമാണ് പ്രധാനമായും വിളകൾ നശിപ്പിക്കുന്നത്. മയിൽ നെല്ലിനെ നശിപ്പിക്കുന്നു. നാമമാത്രമായ നഷ്ടപരിഹാരമാണ് കൊടുക്കുന്നത്. ആദിവാസികൾക്ക് രക്ഷയില്ല. വന്യജീവികളെ നശിപ്പിക്കണമെന്നോ വനം നശിപ്പിക്കണമെന്നോ ഞാൻ പറയുന്നില്ല. അവയെ തടഞ്ഞുനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമാകുന്നില്ല. എട്ട് റാപിഡ് ആക്ഷൻ ഫോഴ്സുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഗൗരവമായി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടാകണം.

മി. ചെയർമാൻ: യെസ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ചെന്താമരാക്ഷൻ: ആനയോ സിംഹമോ ഒന്നും ആയി ജനിച്ചിലെങ്കിലും ഒരു പുലിയോ കടുവയോ ആയാൽ മതി. ഇനി എം.എൽ.എ.യും മന്ത്രിയും ആയിട്ടൊന്നും കാര്യവുമില്ല. അതുകൊണ്ടാണ് ഈ വിഷയം ഇവിടെ അവതരിപ്പിക്കുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കേരളത്തിലെ വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യർക്കും കാർഷികവിളകൾക്കും നാശനഷ്ടങ്ങൾ വരുത്തുന്ന സംഭവങ്ങൾ ആവർത്തിച്ച് ഉണ്ടാകുന്നുണ്ട്. പലപ്പോഴും കാട്ടാനകളുടെയും കാട്ടുപന്നികളുടെയും ആക്രമണം മൂലമാണ് കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. സംഖ്യയിലുണ്ടായ വർദ്ധനവുമൂലം വന്യജീവികൾക്കുണ്ടാകുന്ന സ്വാഭാവികമായ സമ്മർദ്ദവും വന്യജീവികളുടെ ആവാസ സ്ഥലങ്ങൾ വിഭജിക്കപ്പെട്ടതും അവയുടെ സഞ്ചാരപഥങ്ങൾ ശിഥിലമായതും വനമേഖലയോട് ചേർന്നുള്ള കാർഷിക വിളകളുടെ ആകർഷണീയതയുമാണ് വന്യമൃഗങ്ങളെ നാട്ടിലിറങ്ങാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ. വന്യമൃഗങ്ങളുടെ വർദ്ധിച്ചുവരുന്ന ആക്രമണം മൂലം വനമേഖലയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ കർഷകരുടെ കൃഷിയിടങ്ങൾക്കും

കാർഷികവിളകൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നതോടൊപ്പം വന്യജീവി ആക്രമണങ്ങൾ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവനുപോലും ഭീഷണിയാകുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി വനംവകുപ്പ് ശകത്മായ പ്രതിരോധ പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തിവരുന്നുണ്ട്. സൗരോർജ്ജ കമ്പിവേലി, കിടങ്ങുകൾ, കരിങ്കൽഭിത്തി, കൃഷിയിടങ്ങളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കാൻ സന്നദ്ധമായ ദ്രുതകർമ്മ സേന (ആർ.ആർ.ടി.) എന്നിവ ഇത്തരം പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമാണ്. ഇതോടൊപ്പം തന്നെ വന്യജീവികളുടെ ആക്രമണം മൂലം ജനങ്ങൾക്കുണ്ടാകുന്ന പരിക്ക്, സ്ഥായിയായ അംഗഭംഗം, ജീവഹാനി എന്നിവയ്ക്കും കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടം, വീട്, കന്നുകാലി എന്നിവയ്ക്കുള്ള നഷ്ടത്തിനും സർക്കാർ ഉചിതമായ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. 1980-ലെ 'The Kerala Rules for payments of compensation to victims of attack by Wild Animals' എന്ന ചട്ടപ്രകാരമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. ഈ നഷ്ടപരിഹാര തുക സ്ഥായിയായ അംഗഭംഗം ഉണ്ടാകുന്നവർക്ക് 75000/- രൂപ വരെയും വിളനാശം, വീട്, കന്നുകാലി തുടങ്ങിയ കാര്യങ്ങളിൽ നഷ്ടമുണ്ടായാൽ നഷ്ടത്തിന്റെ 100 ശതമാനം, പരമാവധി അപ്പർ സ്ലാബുണ്ട് അത് 75000/-

രൂപയാണ്. പരിക്ക് പറ്റിയവർക്ക് പരമാവധി 75000/- രൂപയാണ്. മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണമെന്ന നിർബന്ധം മാത്രമേയുള്ളൂ. പട്ടികവർഗ്ഗകാർക്ക് പരിധിയില്ലാതെ തന്നെ പരിക്കുപറ്റിയവർക്കുള്ള ചികിത്സാ ചെലവ് കൊടുക്കുന്നതാണ്. മരണം സംഭവിച്ചാൽ അഞ്ച് ലക്ഷം രൂപ കൊടുക്കും. വനത്തിന് പുറത്തുള്ള പാമ്പ് കടിയേറ്റാണ് മരണമെങ്കിൽ ഒരു ലക്ഷം രൂപ കൊടുക്കുന്നതാണ്. വന്യജീവികളുടെ ആക്രമണം മൂലം ഉണ്ടാകുന്ന കാർഷിക നാശനഷ്ടത്തിന്റെ തോത് കണക്കാക്കുന്നതിന് 08.01.2015-ലെ സർക്കാർ ഉത്തരവ് പ്രകാരം, കാർഷിക വിളകളുടെ നാശനഷ്ടം കണക്കാക്കുന്നതിനായി ഓരോ വിളകളുടെ ഇനം തിരിച്ചുള്ള നഷ്ടപരിഹാര തുകകൾ നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ വന്യജീവി ആക്രമത്തിന് ഇരയാകുന്നവർക്ക് ഒരു വർഷം പരമാവധി നാല് തവണ നഷ്ടപരിഹാരം നൽകുന്നതാണ്. കാർഷിക വിളകളുടെ നഷ്ടത്തിനും മനുഷ്യർക്കുണ്ടാകുന്ന പരിക്കിനും നൽകാവുന്ന പരമാവധി നഷ്ടപരിഹാര തുക 75000/- രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് നിയമസഭയുടെ പത്താം സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. അതുപ്രകാരം നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ഇതിനുപുറമേ വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി

/പട്ടികവർഗ്ഗ വിഭാഗത്തിനും വനത്തിനോട് ചേർന്ന് താമസിക്കുന്ന മറ്റുള്ളവർക്കും അപകട മരണത്തിനും ചികിത്സയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പാക്കുന്നതാണ്. വനത്തിലുള്ളിൽ താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് അപകട മരണം സംഭവിച്ചാൽ ഒരുലക്ഷം രൂപ വരെയും ചികിത്സ ആനുകൂല്യം 5000/- രൂപയും ആംബുലൻസ് വാടകയിനത്തിൽ ആയിരം രൂപയും, പ്രകൃതി ദുരന്തം, വന്യജീവി ആക്രമണം എന്നിവ മൂലം വീട്, കുടിലുകൾ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചാൽ 5000/- രൂപയും ലഭിക്കും. ഇതാണ് ഇൻഷ്വറൻസ് കവറേജ്. വനത്തിന് പുറത്ത് താമസിക്കുന്ന മറ്റുള്ളവർക്ക് വന്യജീവികളുടെ ആക്രമണം മൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ഒരാൾക്ക് ഒരു ലക്ഷം രൂപ കിട്ടത്തക്ക വിധത്തിലുള്ള ഇൻഷ്വറൻസ് പദ്ധതി നമ്മൾ ഏർപ്പാടാക്കിയിട്ടുണ്ട്. വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരമായി 2011-12-ൽ 454 ലക്ഷം രൂപയും 2013-14-ൽ 659 ലക്ഷം രൂപയും 2014-15-ൽ 782.45 ലക്ഷം രൂപയാണ് ഇതുവരെ കൊടുത്തിട്ടുള്ളത്. അങ്ങ് സൂചിപ്പിച്ച കാര്യം ശരിയാണ്, എന്നാൽ ഇതിന്റെ രണ്ടിന്റെയും കൂടി ഒരു ഏകദേശം രൂപമുണ്ടാക്കാൻ സാധ്യമല്ല. വേട്ടയാടുന്നതിനെ ശക്തമായി എതിർക്കുന്ന മറ്റൊരു വിഭാഗവും കൂടിയുണ്ട്. വേട്ടയെ നമുക്ക് നന്നായി

എതിർക്കണം. അതേസമയം മനുഷ്യജീവന് ഹാനികരമാകുന്ന സന്ദർഭത്തിൽ സ്വയം രക്ഷയ്ക്കുവേണ്ടി നടപടിയെടുക്കുന്നതിനുള്ള അവകാശം; അതിനാണ് കാട്ടുപന്നിയുടെ കാര്യം അങ്ങ് ഇവിടെ സൂചിപ്പിച്ചത്. അതിനുള്ള അവകാശം ഒരു വ്യക്തിയെന്ന നിലയിൽ അതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകൾക്കുണ്ടാകും. അതേസമയം, വന്യമൃഗങ്ങളുടെ എണ്ണം വളരെ വർദ്ധിക്കുകയും അവർക്ക് ആകൃഷ്ടമായ രൂപത്തിലുള്ള കൃഷി വിളകൾ കാട്ടിന് തൊട്ടടുത്ത് ഉണ്ടാവുകയും ചെയ്യുകയാണ്. ഈ രണ്ട് സാഹചര്യങ്ങൾ വരുന്നതുകൊണ്ടാണ് ഈ അക്രമണങ്ങൾ ഉണ്ടാകുന്നത്. എന്നാലും ഗവൺമെന്റ് കഴിയുന്ന രൂപത്തിലുള്ള സഹായങ്ങൾ ചെയ്യുന്നുണ്ട്. കുറേ വന്യ മൃഗങ്ങളെ കാട്ടിലേയ്ക്ക് തന്നെ വിരട്ടിയോടിക്കുന്നതിനുവേണ്ടിയുള്ള നടപടി നമ്മൾ നടത്തുന്നുണ്ട്. എന്നാലും അങ്ങ് പറഞ്ഞതുപോലെ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിന്റെ ബുദ്ധിമുട്ട് നിലനിൽക്കുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതുകൊണ്ടാണ് ഇത്തരം ഒരു സ്ഥിതിവിശേഷം ഉണ്ടായതെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ തന്നെ വ്യക്തമാണ്. എന്റെ ശ്രദ്ധക്ഷണിക്കലിലെ പ്രധാനപ്പെട്ട പോയിന്റും അതുതന്നെയാണ്. ജർമ്മനിയിലും

ന്യൂസിലാന്റിലും വന്യമൃഗങ്ങളുടെ പ്രജനനകാലത്ത് വേട്ടയാടില്ല. ലോകത്തിന്റെ പല ഭാഗത്തും ഇത്തരം നിയമങ്ങളുണ്ടാകും. ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ 29 ശതമാനം വനഭൂമിയാണ്. ഈ ഒരു സ്ഥിതിവിശേഷം മറികടക്കുന്നതിനുവേണ്ടി പരിഷ്കൃത രാജ്യങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള വേട്ടയാടാനുള്ള അനുമതി കൊടുക്കണം. ജർമ്മനിയിൽ വലിയ ഹോട്ടലുകളിൽ വന്യജീവികളുടെ മാംസം ലഭിക്കും അത് മെനുകാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തരമൊരു നിയമനിർമ്മാണം കേന്ദ്ര ഗവൺമെന്റിനെ കൊണ്ട് യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ സമ്മർദ്ദം കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ എന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അതിനുള്ള തടസ്സങ്ങൾ അങ്ങേയ്ക്ക് തന്നെ അറിയാം. അങ്ങ് ഭാഗികമായി ഇത് ചോദ്യരൂപത്തിൽ ചോദിച്ചുവെന്നേയുള്ളൂ. Wild Life (Protection) Act, 1972 amend ചെയ്യാനുള്ള അധികാരം ഇന്ത്യാ ഗവൺമെന്റിനുള്ളതാണ്. അതിന്മേലുള്ള നിർദ്ദേശമാണ് നമ്മൾ പറയേണ്ടത്. ആ നിർദ്ദേശത്തെക്കുറിച്ച് സംസ്ഥാനത്തും രാജ്യത്തും വ്യത്യസ്തമായ അഭിപ്രായമുണ്ട്. രാജ്യത്ത് പ്രബലമായി മറുഭാഗവും കൂടി നിൽക്കുകയാണ്. അതുകൊണ്ട് ഇതിന്റെ മധ്യത്തിൽ നിന്നുകൊണ്ട് ജനതയെ രക്ഷിക്കുന്നതിനുവേണ്ടി ആവശ്യമായ

നടപടികൾ എന്താണ് എന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് ഇന്ത്യാ ഗവൺമെന്റിന്റെ മുമ്പിൽ നമ്മുടെ അഭിപ്രായം രേഖപ്പെടുത്താം.